## സഹകരണ ബാങ്കുകളിൽനിന്നും അനുവദിക്കുന്ന സ്വർണ്ണപണയ വായ്പകളിലെ ക്രമക്കേടുകൾ

7 (970) ശ്രീ. എൻ. ശക്തൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്നും അനുവദിക്കുന്ന സ്വർണ്ണപണയ വായ്പകളിൽ ക്രമക്കേടുകൾ നടക്കുന്നതായ പരാതികൾ സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ സഹകരണ സംഘത്തിൽ നിന്നും ഒരു വ്യക്തിയുടെ പേരിൽ തന്നെ ഇത്തരത്തിൽ നിരവധി വായ്പകൾ എടുക്കുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) സഹകരണ സംഘങ്ങളിൽനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പയെടുത്ത് ബ്ലേഡ്പലിശയ്ക്ക് മറിച്ചു കൊടുക്കുന്നതായ സംഭവങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ സ്വർണ്ണപ്പണയ വായ്പകളിൽ ക്രമക്കേടുകൾ നടക്കുന്നതായ പരാതികൾ സംബന്ധിച്ച് സഹകരണ ബാങ്കുകൾ/സംഘങ്ങൾ എന്നിവയിൽ, സ്വർണ്ണപ്പണയ വായ്പകൾ/ഉരുപ്പടികൾ സമഗ്രമായി പരിശോധിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 28-10-2010-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വർണ്ണ പണയ ഉരുപ്പടികളുടെ പരിശോധനയോടൊപ്പം 3 വർഷകാലയളവിൽ ഒരേ പേരിൽ 10-ലധികം വായ്പ നൽകിയിട്ടുള്ളവയെ സംബന്ധിച്ചും, അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ, ന്യൂനതകൾ, അപഹരണം തുടങ്ങിയവയെ സംബന്ധിച്ചും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഓരോ സംഘത്തിനും ബൈലാ പ്രകാരം വായ്പാപരിധി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിലധികമായി വ്യക്തികൾക്ക് വായ്പ നൽകുന്നതും, പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഇപ്രകാരം ഒരാൾക്ക് തന്നെ പരിധിയിലധികരിച്ച് വായ്പ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ട സംഘങ്ങളിൽ, പ്രസ്തുത വായ്പാ ഇടപാടുകൾ താൽക്കാലികമായി നിർത്തിവയ്ക്കാനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും, സഹകരണ സംഘം പ്രസിഡന്റ്/സെക്രട്ടറിമാരുടെ മാസാന്ത്യ അവലോകന യോഗങ്ങളിൽ ഇക്കാര്യം അവലോകനം നടത്താനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങളിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പയെടുത്ത് മറിച്ചുകൊടുക്കുന്നതായ സംഭവങ്ങൾ തടയുന്നതിന്, അപേക്ഷകന്റെ വായ്പാ ആവശ്യം പരിഗണിച്ച് മാത്രമേ വായ്പ അനുവദിക്കാവൂ എന്ന് സംഘങ്ങൾക്ക്, ജോയിന്റ് രജിസ്ട്രാർ (ജനറൽ) നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കാർഷിക സ്വർണ്ണ പണയ വായ്പ നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ കർശനമായി പരിശോധിക്കുവാനും, യഥാർത്ഥ കർഷകർക്ക് മാത്രമേ ഇത്തരത്തിലുള്ള വായ്പകൾ ലഭിക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്താനും സംഘങ്ങൾക്ക് ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly